**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - റർബൻ മിഷൻ - കുന്നുകര പുത്തൻവേലിക്കര പഞ്ചായത്തുകൾ ഉൾപ്പെടുന്ന ക്ലസ്റ്റർ — സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും നിർവ്വഹണ ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)നം.643/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 08.03.2018.

==========================================================================

പരാമർശം: 1. പ്രൊഫ.കെ.വി.തോമസ് എം.പിയുടെ 10-02-2018 തീയതിയിലെ കത്ത്.

2. ജി.ഒ(പി)നം.95/2017/ഫിൻ തീയതി 25/07/2017.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കുന്നുകര, പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ റർബൻ മിഷൻ വികസന പദ്ധതികൾ പഞ്ചായത്ത് തലത്തിലുള്ള വിദഗ്ധരുടെ അപര്യാപ്തത മൂലം നടപ്പാക്കാൻ സാധിക്കാത്തതിനാൽ സർക്കാർ അംഗീകൃത നോഡൽ ഏജൻസികളെ ഏല്പിച്ച് നടപ്പാക്കുന്നതിനുവേണ്ട അനുമതി നൽകുവാൻ പരാമർശത്തിലെ കത്ത് പ്രകാരം പ്രൊഫ.കെ.വി.തോമസ് എം.പി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നുകര, പുത്തൻവേലിക്കര പഞ്ചായത്തുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററിൽ റർബൻ പദ്ധതികൾ നടപ്പാക്കുന്നതിനായി **പരാമർശ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി** പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും നിർവഹണ ഏജൻസികളെ തെരഞ്ഞെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ.ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

To

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്.

സെക്രട്ടറി, കുന്നുകര ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

✓ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്